## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1570** | **01/11/2019- ൽ മറുപടിയ്ക്ക്**

## റബ്ബർ വില സ്ഥിരതാപദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റബ്ബർ വില സ്ഥിരതാ പദ്ധതിയുടെ ഭാഗമായി എത്ര രൂപയാണ് പ്രൊഡക്ഷൻ ഇൻസെന്റീവായി കർഷകർക്ക് നൽകുന്നത് ; ആയത് എന്നുമുതലാണ് നൽകി തുടങ്ങിയതെന്നും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് എത്ര കർഷകർക്കാണെന്നും വിശദമാക്കാമോ; | (എ) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം കിലോയ്ക്ക് 150/-രൂപയാണ് റബ്ബറിന് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയിലെ (Daily Reference Price) വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. 2015 ജൂലൈ മാസം മുതലാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ സബ്സിഡി നൽകി തുടങ്ങിയത്. ഈ പദ്ധതി പ്രകാരം ഇതുവരെ 4,10,675 റബ്ബർ കർഷകർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബറിന്റെ താങ്ങുവില ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കാമോ ; | (ബി) | ഇല്ല. റബ്ബറിന് താങ്ങുവില നൽകുന്ന പദ്ധതി രാജ്യത്ത് നിലവിലില്ല . റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം കിലോയ്ക്ക് 150 രൂപ ലഭിയ്ക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. |
| (സി) | താങ്ങുവില ഉയർത്തിയിട്ടില്ലെങ്കിൽ ഉൽപാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ആയത് 200 രൂപയാക്കി ഉയർത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം ലഭിയ്ക്കുന്ന നിലവിലുള്ള വിലയായ 150/- രൂപ അപര്യാപ്തമായതു കൊണ്ട് വില കിലോയ്ക്ക് 200/- രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. |

Sreelathim

**സെക്ഷൻ ഓഫീസർ**